പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1628** **03.05.2017- ൽ മറുപടിയ്ക്ക്**

## കാരുണ്യ ഫാർമസി വഴി മരുന്ന് വിതരണം

| **ചോദ്യം**<br>ശ്രീ.മഞ്ഞളാംകുഴി അലി : | **മറുപടി**<br>**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |
|---|---|
| (എ) കാരുണ്യ ഫാർമസി വഴി രോഗികൾക്ക് സൗജന്യ മരുന്ന് വിതരണം ചെയ്യുന്ന പദ്ധതി കാര്യക്ഷമമായി നടത്തുന്നില്ലായെന്ന പരാതിയും, പലപ്പോഴും ഈ പദ്ധതി നിർത്തി വയ്ക്കേണ്ടി വരുന്ന സാഹചര്യം നിർധനരായ രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതാണെന്ന കാര്യവും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് യഥാസമയം മരുന്ന വിതരണ തുക നൽകാത്തതാണ് പദ്ധതി മുടങ്ങുന്നതിന് കാരണമാകുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതി കാര്യക്ഷമമായി തുടരുന്നതിന് മതിയായ ശ്രദ്ധനൽകുമോ? | (ബി) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി RSBY, RBSK, KBF, JSSK, SUKRUTHAM, AROGYA KIRANAM, CHISPLUS തുടങ്ങിയ പദ്ധതികൾക്ക് ക്രെഡിറ്റ് ഇനത്തിൽ മരുന്നുകൾ ലഭ്യമാക്കിയ ഇനത്തിൽ ഭീമമായ തുക വിവിധ സർക്കാർ ആശുപത്രികളിൽ നിന്നും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ലഭിക്കുവാനുണ്ട്. ഇതിനാൽ പല കമ്പനികൾക്കും മരുന്ന വാങ്ങിയ ഇനത്തിൽ നൽകാനുള്ള തുക നൽകുവാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. കുടിശ്ശിക തുക അടിയന്തിരമായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകുന്നതിനായി ബന്ധപ്പെട്ട ആശുപത്രി അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കുടിശ്ശിക തുക തീർപ്പാക്കുന്നതിൽ വളരെയധികം കാലതാമസ്സം നേരിട്ടുന്നുണ്ടെങ്കിലും പാവപ്പെട്ട രോഗികളുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി നിലവിൽ മേൽ പദ്ധതികളിലൂടെയുള്ള മരുന്നുവിതരണം യാതൊരു തടസ്സവും കൂടാതെ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ